ഐ.ടി.ഐ.-കളിൽ പുതുതായി അനുവദിച്ച കോഴ്സുകൾ

47 [4925] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.ഐ.-കളിൽ ഈ വർഷം പുതുതായി കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഐ.ടി.ഐ.-കളിൽ പുതുതായി അനുവദിച്ച കോഴ്സുകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ ചാക്ക ഐ.ടി.ഐ.-യിൽ 2003 ആഗസ്റ്റ് മുതൽ മെക്കാനിക്, മെഡിക്കൽ, ഇലക്ട്രോണിക്സ് എന്ന ട്രേഡും ധനുവച്ചപുരം ഐ.ടി.ഐ.-യിൽ ടൂൾസ് ആന്റ് ഡൈമേക്കർ/കോപ്പ എന്നീ ട്രേഡുകളിൽ ഓരോ അഡീഷണൽ യൂണിറ്റ് വീതവും ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ ഇലക്ട്രോപ്ലേറ്റർ അഡീഷണൽ ഒരു യൂണിറ്റും പുതുതായി അനുവദിച്ചിട്ടുണ്ട്.

കമ്പ്യൂട്ടർ സെൽ രൂപീകരണം

48 [4926] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
" ഇ. ടി. മുഹമ്മദ് ബഷീർ:
" സി. മോയിൻകുട്ടി:
" ടി.പി.എം. സാഹിർ:
" ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി കഴിഞ്ഞ 5 വർഷങ്ങളിൽ എത്ര ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ടെന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ എത്ര ലക്ഷം രൂപ ലാപ്സായിട്ടുണ്ടെന്നും ഏതു വർഷത്തിലാണ് ലാപ്സായതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) നാളിതുവരെ പൂർണ്ണ തോതിൽ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള ഓഫീസുകളുടെ എണ്ണം എത്രയെന്നും വിശദമാക്കുമോ;

(ഡി) ഡയറക്ടറേറ്റിൽ കമ്പ്യൂട്ടർ സെൽ രൂപീകരിക്കുന്നതുസംബന്ധിച്ച് സർക്കാർ നിർദ്ദേശമുണ്ടായത് എന്നാണെന്നു വെളിപ്പെടുത്തുമോ;

(ഇ) കമ്പ്യൂട്ടർ സെൽ രൂപീകരിച്ചില്ലെങ്കിൽ അതു രൂപീകരിക്കുവാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ 5 വർഷങ്ങളിൽ എംപ്ലോയ്മെന്റ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി ചെലവാക്കിയിട്ടുള്ള തുക താഴെ കൊടുക്കുന്നു:

വർഷം	തുക (ലക്ഷത്തിൽ)
1998-1999	9.62
1999-2000	3.00
2000-2001	1.00
2001-2002	3.67
2002-2003	50.00

(ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ലാപ്സായിട്ടുള്ള തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† എംപ്ലോയ്മെന്റ് വകുപ്പിനുവേണ്ട സോഫ്ട്വെയർ വികസിപ്പിച്ചെടുക്കുന്നതിലുണ്ടായ കാലതാമസമാണ് തുക ലാപ്സാവാൻ കാരണമായത്. ലോക്കൽ എംപ്ലോയ്മെന്റ് ഓഫീസുകൾക്ക് ആവശ്യമുള്ള സോഫ്ട്വെയർ വികസിപ്പിച്ചെടുത്തത് 2002-2003 വർഷത്തിലാണ്.

(സി) എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിലുള്ള ഒരു ഓഫീസും പൂർണ്ണ തോതിൽ കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല.

(ഡി) 4-9-2002-ൽ.

(ഇ) ഉത്തരം 'ഡി'യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ

49 [4927] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ജില്ലയിലെ പാട്യം, മൊകേരി, പന്ന്യന്നൂർ, ചൊക്ലി, ന്യൂമാഹി, കരിയാട്, പെരിങ്ങളം, പാനൂർ, കുന്നോത്തുപറമ്പ്, തൃപ്രങ്ങോട്ടൂർ പഞ്ചായത്തുകളിൽ നിന്ന് രജിസ്റ്റർ ചെയ്തവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 30-6-2003-ലെ കണക്കനുസരിച്ച് 2,24,986 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly